**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3610** **27-06-2024 - ൽ മറുപടിയ്ക്ക്**

**ബിരുദതല കരിക്കുലം പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ബിരുദതല കരിക്കുലം പരിഷ്കരണം നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; എന്തൊക്കെ പരിഷ്കരണങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; | (എ) | സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും ഈ അദ്ധ്യയന വർഷം മുതൽ മൂന്നുവർഷം കഴിയുമ്പോൾ ബിരുദം നേടി എക്സിറ്റ് ചെയ്യാനും, താൽപര്യമുള്ളവർക്ക് നാലാം വർഷം തുടർന്ന് ക്യാപ്സ്റ്റോൺ പ്രൊജക്റ്റ് ഉള്ള ഓണേഴ്സ് ബിരുദം നേടാനും, റിസർച്ച് താല്പര്യം ഉള്ളവർക്ക് 'ഓണേഴ്സ് വിത്ത് റിസർച്ച് ' ബിരുദം നേടാനും കഴിയുന്ന തരത്തിലുള്ള ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആരംഭിക്കുന്ന നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ മോഡൽ കരിക്കുലം, അതിനായി രൂപീകരിച്ച കരിക്കുലം കമ്മിറ്റിയുടെ നേതൃത്വത്തിൽ തയ്യാറാക്കി സർവകലാശാലകൾക്ക് കൈമാറുകയും ഇതിന്റെ അടിസ്ഥാനത്തിൽ സർവകലാശാലകൾ കരിക്കുലം രൂപീകരിയ്ക്കുകയും ചെയ്തു. അത് സുഗമമായി നടപ്പിൽ വരുത്താൻ ആവശ്യമായ മോഡൽ റെഗുലേഷനുകൾ ഉന്നതവിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി സർവകലാശാലകൾക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ റെഗുലേഷനുകൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ സർവകലാശാല പഠന ബോർഡുകൾ പുതിയ കരിക്കുലം ആവശ്യപ്പെടുന്ന രീതിയിലുള്ള കോഴ്സുകൾ വികസിപ്പിച്ചിട്ടുണ്ട്. നാലു വർഷ ബിരുദ പ്രോഗ്രാമുകളെ പറ്റി വിശദമായ പരിശീലന പരിപാടികൾ ഇതിനോടകം നടത്തിയിട്ടുണ്ട്. വിവിധ ഘട്ടങ്ങളിൽ അദ്ധ്യാപക പ്രതിനിധികൾ, അനദ്ധ്യാപക പ്രതിനിധികൾ, വിദ്യാർത്ഥികൾ, സർവകലാശാലകളുടെ ഭരണനേതൃത്വത്തിൽ ഉള്ളവർ എന്നിവരുടെ യോഗങ്ങൾ ചേർന്ന് വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ എല്ലാ സർവകലാശാല ബോർഡ് ഓഫ് |

| | | | |
|---|---|---|---|
| | | | സ്റ്റഡീസ് പ്രതിനിധികൾക്കും കോളേജുകളിലെ നാലുവർഷ ബിരുദ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. അഫിലിയേറ്റഡ് ആർട്സ് & സയൻസ് കോളേജുകളിലെ അദ്ധ്യാപകർക്ക് ബന്ധപ്പെട്ട സർവകലാശാലകൾ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, +2 വിദ്യാർത്ഥികൾക്കും, പൊതുജനങ്ങൾക്കും വേണ്ടി ബോധവല്ക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. FYUGP-യുടെ ആദ്യ വർഷത്തിലേക്കായി ഒരു ഏകീകൃത അക്കാദമിക് കലണ്ടർ തയ്യാറാക്കിയിട്ടുമുണ്ട്.<br><br>നാലുവർഷ ബിരുദ കോഴ്സിന്റെയും പരീക്ഷകളുടെയും പരാതിരഹിതമായ നടത്തിപ്പിന് സർവകലാശാല രജിസ്ട്രാർമാർ ഉൾപ്പെട്ട ഒരു പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br><br>കൂടാതെ, ഓരോ കോളേജിനകത്തും പരീക്ഷാ സംബന്ധിയായ ഏതു വിഷയവും പരിഗണിക്കാനും അതിന് ഉചിതമായ പരിഹാരം നിർദ്ദേശിക്കാനും അധികാരമുള്ള ഉന്നതവിദ്യാഭ്യാസ പരീക്ഷാ മോണിറ്ററിങ് കമ്മിറ്റി ഓരോ കോളേജിലും രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സർവകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>2024-24 അക്കാദമിക വർഷം മൈനർ വിഷയങ്ങൾ തിരഞ്ഞെടുക്കുമ്പോൾ നേരിട്ടേക്കാവുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി സർവകലാശാലകൾക്ക് പ്രത്യേകം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br><br>ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ Centre for Skill Development Courses and Career Planning (CSDCCP) എന്ന പേരിൽ സ്വയംപര്യാപ്ത രീതിയിൽ നൈപുണ്യ വികസനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ബിരുദതല കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് വിവിധ ഭാഷകളിൽ ആശയവിനിമയ മികവ് ആർജ്ജിക്കുന്നതിന് ഉൾപ്പെടുത്തിയ സൗകര്യങ്ങൾ അറിയിക്കാമോ; എല്ലാ കോളേജുകളിലും ലാംഗ്വേജ് ലാബുകൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | ബിരുദതല കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള ഫൗണ്ടേഷൻ കോഴ്സുകളിൽ എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകൾ (AEC) പൂർണ്ണമായും ഭാഷാ അധ്യാപകർ/വകുപ്പുകളാണ് കൈകാര്യം ചെയ്യുന്നത്. വിദ്യാർത്ഥികളുടെ ഭാഷാപരമായ നൈപുണിയും വിജ്ഞാനവും ഉറപ്പാക്കുന്നതിന് ഇത്തരത്തിലുള്ള നാല് കോഴ്സുകൾ ചെയ്യണം. രണ്ട് കോഴ്സുകൾ ഇംഗ്ലീഷിലും രണ്ട് കോഴ്സുകൾ വിദ്യാർത്ഥികളുടെ താൽപര്യം |

| | | | |
|---|---|---|---|
| | | | അനുസരിച്ച് മറ്റു ഭാഷകളിലും തിരഞ്ഞെടുക്കാവുന്നതാണ്. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഓറൽ കമ്മ്യൂണിക്കേഷൻ സ്കിൽ ടെസ്റ്റ് എന്നിവ ഇപ്പോൾ തന്നെ സർവകലാശാല/ കോളേജുകളിലെ ഇംഗ്ലീഷ് ഭാഷാപഠനത്തിന്റെ ഭാഗമാണ്. വിവിധ വിദേശ ഭാഷകൾ പഠിക്കുന്നതിന് സർവകലാശാല/കോളേജ് തലങ്ങളിൽ (ഉദാ: ജർമ്മൻ, ഫ്രഞ്ച്) ഡിപ്പാർട്ട്മെന്റുകളും കോഴ്സുകളും പ്രവർത്തിച്ചുവരുന്നു. പ്രവർത്തനക്ഷമമായ ലാംഗ്വേജ് ലാബുകളും സംസ്ഥാനത്തെ കോളേജുകളിൽ നിലവിലുണ്ട്. |
| (സി) | ബിരുദ കോഴ്സുകൾ നാലുവർഷ പദ്ധതിയിൽ ആക്കുന്നതിന്റെ ഇപ്പോഴത്തെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പാറ്റേണിലെ ഓരോ ഘട്ടവും എന്താണെന്ന് വിശദമാക്കാമോ; | (സി) | (എ)-യിൽ നൽകിയിട്ടുണ്ട്. |
| (ഡി) | നാലുവർഷ സ്കീമിൽ ചേർന്ന് പഠിക്കുന്ന വിദ്യാർത്ഥിയ്ക്ക് ഓൺലൈനായി മറ്റ് കോഴ്സുകൾ സമാന്തരമായി പഠിക്കുന്നതിന് സാധിക്കുമോ; ഇല്ലെങ്കിൽ അതുകൂടി സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (ഡി) | ഡിഗ്രി പഠനത്തിനായി വിവിധ പാത്ത് വേകൾ തിരഞ്ഞെടുക്കാൻ വിദ്യാർത്ഥികൾക്ക് അവസരമുണ്ട്. ഇത്തരത്തിൽ വിദ്യാർത്ഥികൾക്ക് തിരഞ്ഞെടുക്കാൻ കഴിയുന്ന വിവിധ പാത്ത് വേകൾ പ്രോഗ്രാമിന്റെ തുടക്കത്തിൽ തന്നെ സർവ്വകലാശാലകൾ പ്രസിദ്ധീകരിക്കും. മേജർ വിത്ത് മൈനർ, സിംഗിൾ മേജർ, ഡബിൾ മേജർ, മേജർ വിത്ത് മൾട്ടിപ്പിൾ മൈനർ, ഇന്റർ ഡിസിപ്ലിനറി മേജർ എന്നിങ്ങനെ വിവിധ പാത്ത് വേകൾ വിദ്യാർത്ഥികൾക്ക് സ്വീകരിക്കാം. ഇത്തരത്തിൽ വിവിധ പാത്ത് വേകളിൽ കൂടി ബിരുദ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് അവരുടെ താല്പര്യപ്രകാരമുള്ള മൈനർ വിഷയങ്ങൾ പാത്ത് വേയുടെ ഭാഗമാക്കാൻ കഴിയും. നിലവിലെ യു.ജി.സി റെഗുലേഷൻ പ്രകാരം വിദ്യാർത്ഥികൾക്ക് രണ്ടു ബിരുദങ്ങൾ ഒരേ സമയം പൂർത്തീകരിക്കാൻ അവസരം ഉണ്ട്. ഇത് പ്രകാരം രണ്ടു ബിരുദങ്ങൾ ഒരേ സമയം റെഗുലർ ആയോ ഒരു ബിരുദം റെഗുലർ ആയും ഒരു ബിരുദം ഓൺലൈൻ/ ഡിസ്റ്റൻസ് രീതിയിലോ പഠിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ